# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 867** **29.09.2016-ന് മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ്**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ മലപ്പുറം ഐ.എച്ച്.ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് 3.82 ഏക്കർ സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും സാമ്പത്തിക പരാധീനത മൂലം ടി നടപടി ഉപേക്ഷിച്ചിട്ടുള്ളതാണ്. |
| ബി) ഏറനാട് താലൂക്ക് പരിധിയിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ഏറനാട് താലൂക്ക് പരിധിയിൽ പ്രസ്തുത കെട്ടിടം നിർമ്മാണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. |
| സി) മലപ്പുറം സിവിൽ സ്റ്റേഷന്റെ പരിസരത്തുള്ള റവന്യൂ പുറമ്പോക്ക് ഭൂമി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ പറ്റുമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ? | സി) മലപ്പുറം സിവിൽ സ്റ്റേഷന്റെ പരിസരത്തുള്ള പുറമ്പോക്ക് ഭൂമിയിൽ നിലവിൽ വിവിധ വകുപ്പുകളുടെ അനേകം കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. സ്ഥല ലഭ്യതക്കുറവു കാരണം കഴിഞ്ഞ ഏതാനും വർഷമായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ മറ്റു വകുപ്പുകൾക്ക് ഭൂമി അനുവദിക്കാറില്ല. ഐ.എച്ച്.ആർ.ഡി കോളേജ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ